I എ.വൈ.ആര്‍

സൂറ-18

# അല്‍ കഹ്ഫ്

**10.** ഏതാനും യുവാക്കള്‍ ഗുഹയില്‍ അഭയം പ്രാപിച്ചതോര്‍ക്കുക. അപ്പോഴവര്‍ പ്രാര്‍ഥിക്കുന്നുണ്ടായിരുന്നു: നാഥാ, നിങ്കല്‍ നിന്നുള്ള കാരുണ്യം ഞങ്ങളിലരുളേണമേ, ഞങ്ങളുടെ പ്രശ്നം വിവേകപൂര്‍വം കൈകാര്യം ചെയ്യാന്‍ സൗകര്യമൊരുക്കേണമേ!

إِذۡ أَوَى ٱلۡفِتۡيَةُ إِلَى ٱلۡكَهۡفِ فَقَالُواْ رَبَّنَآ ءَاتِنَا مِن لَّدُنكَ رَحۡمَةً وَهَيِّئۡ لَنَا
مِنۡ أَمۡرِنَا رَشَدًا ١٠

**11.** നാം അവരെ ആ ഗുഹയില്‍ തന്നെ നിരവധി സംവത്സരങ്ങള്‍ ഗാഢനിദ്രയിലാഴ്ത്തി.

فَضَرَبۡنَا عَلَىٰٓ ءَاذَانِهِمۡ فِي ٱلۡكَهۡفِ سِنِينَ عَدَدًا ١١

**12.** പിന്നീട് അവരെ നാം നിദ്രയില്‍ നിന്നുണര്‍ത്തി. രണ്ടു കക്ഷികളില്‍, തങ്ങളുടെ ഗുഹാവാസകാലം കൃത്യമായി തിട്ടപ്പെടുത്തുന്നതാരെന്നു കണ്ടറിയാന്‍.

ثُمَّ بَعَثۡنَٰهُمۡ لِنَعۡلَمَ أَيُّ ٱلۡحِزۡبَيۡنِ أَحۡصَىٰ لِمَا لَبِثُوٓاْ أَمَدًا
١٢

**13.** അവരുടെ യഥാര്‍ഥ കഥ നിങ്ങള്‍ക്കു നാം പറഞ്ഞു തരുന്നു. വിധാതാവില്‍ വിശ്വാസമര്‍പ്പിച്ചതിനാല്‍ നാം സന്മാര്‍ഗത്തില്‍ പുരോഗതിയരുളിയ ഏതാനും യുവാക്കളായിരുന്നു അവര്‍.

نَّحۡنُ نَقُصُّ عَلَيۡكَ نَبَأَهُم بِٱلۡحَقِّۚ إِنَّهُمۡ فِتۡيَةٌ ءَامَنُواْ بِرَبِّهِمۡ
وَزِدۡنَٰهُمۡ هُدًى ١٣

**14.** അവര്‍ ഉത്ഥിഷ്ഠരായി ഇപ്രകാരം പ്രഖ്യാപിച്ചപ്പോള്‍ നാം അവരുടെ മനസ്സുകള്‍ ദൃഢീകരിക്കുകയും ചെയ്തിരുന്നു: ആകാശഭൂമികളുടെ വിധാതാവു മാത്രമാകുന്നു ഞങ്ങളുടെ വിധാതാവ്. അവനെക്കൂടാതെ ഒരു ദൈവത്തെയും ഞങ്ങള്‍ പ്രാര്‍ഥിക്കുകയില്ല. അഥവാ പ്രാര്‍ഥിച്ചാല്‍ ഞങ്ങള്‍ സത്യത്തില്‍ നിന്ന് ബഹുദൂരം അകന്നുപോകും.

وَرَبَطۡنَا عَلَىٰ قُلُوبِهِمۡ إِذۡ قَامُواْ فَقَالُواْ رَبُّنَا رَبُّ
ٱلسَّمَٰوَٰتِ وَٱلۡأَرۡضِ لَن نَّدۡعُوَاْ مِن دُونِهِۦٓ إِلَٰهٗاۖ لَّقَدۡ قُلۡنَآ
إِذٗا شَطَطًا ١٤

**15.** നമ്മുടെ ഈ ജനം പ്രപഞ്ചനാഥനെ വെടിഞ്ഞ് ബഹുദൈവങ്ങളെ സ്വീകരിച്ചിരിക്കുന്നു. അവരതിന് വ്യക്തമായ പ്രമാണമൊന്നും കൊണ്ടുവരാത്തതെന്തേ? അല്ലാഹുവിന്റെ പേരില്‍ കള്ളം കെട്ടിച്ചമക്കുന്നവനെക്കാള്‍ ദൈവധിക്കാരി ആരാണുള്ളത്?

هَٰٓؤُلَآءِ قَوۡمُنَا ٱتَّخَذُواْ مِن دُونِهِۦٓ ءَالِهَةٗۖ لَّوۡلَا يَأۡتُونَ عَلَيۡهِم بِسُلۡطَٰنِۭ
بَيِّنٖۖ فَمَنۡ أَظۡلَمُ مِمَّنِ ٱفۡتَرَىٰ عَلَى ٱللَّهِ كَذِبٗا ١٥

ആ ഗുഹയിൽ = إِلَى ٱلْكَهْفِ (ഏതാനും) യുവാക്കൾ = ٱلْفِتْيَةُ അഭയം പ്രാപിച്ചപ്പോൾ (പ്രാപിച്ച സന്ദർഭം ഓർക്കുക) = إِذْ أَوَى
ഞങ്ങളുടെ നാഥാ = رَبَّنَآ അപ്പോൾ അവർ പറഞ്ഞു (പ്രാർഥിക്കുന്നുണ്ടായിരുന്നു) = فَقَالُوا۟
കാരുണ്യത്തെ = رَحْمَةً നിങ്കൽനിന്നുള്ള = مِن لَّدُنكَ ഞങ്ങൾക്ക് നൽകുക (അരുളേണമേ) = ءَاتِنَا
ഞങ്ങളുടെ കാര്യത്തിൽനിന്ന് (പ്രശ്നം) = مِنْ أَمْرِنَا നീ ഞങ്ങൾക്ക് തയാറാക്കുക (സൗകര്യമൊരുക്കേണമേ) = وَهَيِّئْ لَنَا
വിവേകത്താൽ (വിവേകപൂർവം കൈകാര്യം ചെയ്യാൻ) = رَشَدًا
അപ്പോൾ നാം അവരുടെ ചെവികളിന്മേൽ അടിച്ചു (അവരെ ഗാഢനിദ്രയിലാഴ്ത്തി) = فَضَرَبْنَا عَلَىٰٓ ءَاذَانِهِمْ
എണ്ണത്താൽ വർഷങ്ങൾ (നിരവധി സംവത്സരങ്ങൾ) = سِنِينَ عَدَدًا ആ ഗുഹയിൽ (തന്നെ) = فِى ٱلْكَهْفِ
നാം (കണ്ട്) അറിയാൻ = لِنَعْلَمَ പിന്നീട് നാം അവരെ (നിദ്രയിൽ നിന്ന് ഉണർത്തി) എഴുന്നേൽപിച്ചു = ثُمَّ بَعَثْنَٰهُمْ
കൃത്യമായി തിട്ടപ്പെടുത്തുന്നത് (എന്ന്) = أَحْصَىٰ രണ്ടു കക്ഷികളിൽ ആരാണ് = أَىُّ ٱلْحِزْبَيْنِ
കാല(ം)ത്താൽ = أَمَدًا അവർ താമസിച്ചതുകൊണ്ട് (തങ്ങളുടെ ഗുഹാവാസക്കാലം) = لِمَا لَبِثُوٓا۟
അവരുടെ സംഭവം, വർത്തമാനം (കഥ) = نَبَأَهُم നിന(ങ്ങൾ)ക്ക് = عَلَيْكَ പറയു(ഞ്ഞു തരു)ന്നു = نَقُصُّ നാം = نَّحْنُ
ഏതാനും യുവാക്കൾ (ആയിരുന്നു) = فِتْيَةٌ അവർ = إِنَّهُمْ സത്യമായി (യഥാർഥ) = بِٱلْحَقِّ
അവരുടെ വിധാതാവിൽ = بِرَبِّهِمْ അവർ വിശ്വാസമർപ്പിച്ചു = ءَامَنُوا۟
സന്മാർഗത്തെ(ത്തിൽ) = هُدًى നാം അവർക്ക് വർധിപ്പിച്ചു (പുരോഗതിയരുളി) = وَزِدْنَٰهُمْ
അവരുടെ മനസ്സുകളെ = عَلَىٰ قُلُوبِهِمْ നാം സ്ഥൈര്യമുള്ളതാക്കി, ദൃഢീകരിക്കുകയും ചെയ്തു = وَرَبَطْنَا
എന്നിട്ട് പറഞ്ഞു (ഇപ്രകാരം പ്രഖ്യാപിച്ചപ്പോൾ) = فَقَالُوا۟ അവർ എഴുന്നേറ്റ(ഉത്തിഷ്ഠരായി)പ്പോൾ = إِذْ قَامُوا۟
ആകാശഭൂമികളുടെ വിധാതാവ് (മാത്രം) ആകുന്നു = رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ ഞങ്ങളുടെ വിധാതാവ് = رَبُّنَا
അവനെ കൂടാതെ = مِن دُونِهِۦٓ ഞങ്ങൾ ഒരിക്കലും പ്രാർഥിക്കുക (ആരാധിക്കുക)യില്ല = لَن نَّدْعُوَا۟
ഒരു ദൈവത്തെ(യും) = إِلَٰهًا
അപ്പോൾ തീർച്ചയായും ഞങ്ങൾ പറഞ്ഞു (അഥവാ ഞങ്ങൾ പ്രാർഥിച്ചാൽ അപ്പോൾ) = لَّقَدْ قُلْنَآ إِذًا
സത്യവിരോധം, അസത്യം (സത്യത്തിൽ നിന്ന് ബഹുദൂരം അകന്നുപോകും) = شَطَطًا
അവർ സ്വീകരിച്ചിരിക്കുന്നു = ٱتَّخَذُوا۟ നമ്മുടെ ഈ ജനം = هَٰٓؤُلَآءِ قَوْمُنَا
(ബഹു)ദൈവങ്ങളെ = ءَالِهَةً അവനെ കൂടാതെ (പ്രപഞ്ചനാഥനെ വെടിഞ്ഞ്) = مِن دُونِهِۦٓ
അവരുടെ മേൽ(അവർ ദൈവങ്ങളാണെന്നതിന്) = عَلَيْهِم അവർ കൊണ്ടുവരാത്തതെന്തുകൊണ്ട് = لَّوْلَا يَأْتُونَ
(ദൈവ)ധിക്കാരിയായവൻ ആരാണുള്ളത് = فَمَنْ أَظْلَمُ വ്യക്തമായ = بَيِّنٍ പ്രമാണം = بِسُلْطَٰنٍۭ
കള്ളം = كَذِبًا അല്ലാഹുവിന്റെ പേരിൽ = عَلَى ٱللَّهِ കെട്ടിച്ചമച്ചവനെക്കാൾ = مِمَّنِ ٱفْتَرَىٰ

**10.** ഒരു സ്ഥലം പാർപ്പിടമാക്കുന്നതിനാണ് أَوَى എന്നു പറയുക. പാർപ്പിടമാക്കുന്ന സ്ഥലത്തെ مأوى എന്നും പറയുന്നു. ഈയർഥത്തിൽ ഖുർആൻ مأوى എന്ന് ധാരാളം സ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. فتى യുടെ ബഹുവചനമാണ് فتية. യൗവ്വനം മുറ്റിയ ഘട്ടത്തിലെത്തിയവനാണ് فتى . ഈ ജീവിത ഘട്ടത്തെ فتوّة എന്നുപറയും. ആവേശം, ഉൽക്കർഷേഛ, ബുദ്ധി വികാസം, കർമോത്സാഹം, ശരീരശേഷി എന്നിവയുടെ നിറവാണ് فتوّة ന്റെ സവിശേഷത. ഏതു സമൂഹത്തിലും വിപ്ലവ ബോധവും ആദർശധീരതയും കർമകുശലതയും കൂടുതലുള്ളവർ യുവജനങ്ങളാണല്ലോ. നൈമിഷികവും ക്ഷുദ്രവുമായ ആസക്തികൾക്കും പ്രലോഭനങ്ങൾക്കും വശപ്പെടാതെ ഉദാത്തമായ തൗഹീദി ദർശനമുൾക്കൊള്ളുകയും പ്രതിബന്ധങ്ങളെ തൃണവൽഗണിച്ച് അതിലുറച്ചു നിൽക്കാൻ പ്രതിജ്ഞയെടുക്കുകയും ചെയ്ത ഏതാനും യുവാക്കളായിരുന്നു സ്വജനങ്ങളെവിട്ട് വിജനമായ ഗുഹയിൽചെന്ന് ആദർശോചിതമായ ജീവിതം നയിക്കാൻ തീരുമാനിച്ചത്. അവർ യുവാക്കളായിരുന്നു എന്ന് എടുത്തു പറഞ്ഞത് എക്കാലത്തെയും യുവാക്കൾക്ക് ഒരു മാതൃകയാകേണ്ടതിനാണ്; പ്രത്യേകിച്ചും പ്രവാചകന്റെ കൂടെയുണ്ടായിരുന്ന യുവജനങ്ങൾക്ക്. അവർ നാഥനിൽ വിശ്വസിച്ച യുവാക്കളായിരുന്നു എന്ന് 13-ാം സൂക്തത്തിൽ ആവർത്തിക്കുന്നു

ണ്ട്. ഗുഹയിലെത്തിയ യുവാക്കളുടെ പ്രാർഥനയാണ് رَبَّنَآ ءَاتِنَا مِن لَّدُنكَ رَحۡمَةً وَهَيِّئۡ لَنَا مِنۡ أَمۡرِنَا رَشَدًا എന്ന വാക്യം. تهيئ ൽ നിന്നുള്ള ശാസനക്രിയയാണ് هيِّئ. ഒരു വസ്തുവെ രൂപപ്പെടുത്തുകയാണ് മൗലികമായ അർഥത്തിൽ تهيئ . എളുപ്പമാക്കലും സൗകര്യപ്പെടുത്തലും പ്രയോഗാർഥമാണ്. هَيِّئۡ لَنَا مِنۡ أَمۡرِنَا ക്ക് ഞങ്ങളുടെ കാര്യം എളുപ്പമാക്കേണമേ എന്നും തർജമയാവാം. امر-കാര്യം കൊണ്ട് വിവക്ഷ ആ യുവാക്കളുടെ അപ്പോഴത്തെ അവസ്ഥയും അവർ നേരിടുന്ന പ്രശ്നങ്ങളുമാണ്. പട്ടണത്തിൽ നിന്ന് ഓടിപ്പോന്ന അവർക്ക് ഗുഹയിൽ ജീവിക്കാൻ വെള്ളവും ഭക്ഷണവും വേണം. നഗരവാസികളുടെ ശ്രദ്ധയിൽപെടാതെ വേണം ഇതൊക്കെ ശേഖരിക്കാൻ. അതൊക്കെ അപകടം പിടിച്ച ക്ലിഷ്ടമായ സംഗതികളായിരുന്നു. വിവേകത്തിനും തന്റേടത്തിനും സന്മാർഗത്തിനും ശരിയായ നിലപാടിനും (استقامة) ഉപയോഗിക്കുന്ന പദമാണ് رَشَد. സൂറഃ അൽജിന്നിൽ ഈ വ്യത്യസ്ത അർഥങ്ങളിൽ رَشَد ഉപയോഗിച്ചതായി കാണാം. ഇതിന് رُشْد എന്നും ഉച്ചാരണമുണ്ട്. അങ്ങനെയും ഖുർആൻ പലയിടത്തും ഉപയോഗിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഞങ്ങളുടെ പ്രശ്നങ്ങൾ സത്യധർമങ്ങളിൽ നിന്ന് വ്യതിചലിക്കാതെയും അപകടങ്ങളിലകപ്പെടാതെയും വിവേകപൂർവം തരണം ചെയ്യാൻ സഹായിക്കേണമേ എന്നാണ് പ്രാർഥനയുടെ താൽപര്യം. നിന്റെ കാരുണ്യം من رحمتك എന്നു പറയുന്നതിനുപകരം നിന്റെ പക്കൽനിന്നുള്ള കാരുണ്യം مِن لَّدُنكَ رَحۡمَةً എന്നു പറഞ്ഞത് സാധാരണ കാരുണ്യത്തിനുപരി നിന്റെ പക്കൽ നിന്നുള്ള പ്രത്യേക കാരുണ്യം ഞങ്ങൾക്കരുളേണമേ എന്ന അർഥത്തിലാണെന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. നാട്ടുകാർ അവരെ പിന്തുടരാതിരുന്നതും, ദീർഘകാലം ഉറക്കിക്കിടത്തിയതും അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

ഈ സൂക്തവും തുടർന്നുള്ള രണ്ടു സൂക്തങ്ങളും അസ്ഹാബുൽ കഹ്ഫ് കഥയുടെ ഒരു സംഗ്രഹം ആമുഖമെന്ന നിലയിൽ അനുവാചകന്റെ മുന്നിലവതരിപ്പിക്കുകയാണ്. വിശദാംശങ്ങളിലേക്ക് കടക്കുംമുമ്പ് ഇങ്ങനെയൊരു സംഗ്രഹമവതരിപ്പിക്കുന്നതിന്റെ ഫലം കഥയുടെ മർമം എപ്പോഴും മുന്നിലുണ്ടായിരിക്കുക എന്നതാണ്. വിശദാംശങ്ങളിൽ കണ്ണുടക്കി ആ മർമം മാഞ്ഞുപൊയ്ക്കൂടാ. സംഭവ കഥനത്തിന്റെ ഈ രീതി ഖുർആൻ വേറെയും പല സ്ഥലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്.

**11-12.** ضرب على اذنيه യുടെ ഭാഷാർഥം ചെവിക്കു മീതെ അടിച്ചു എന്നാണ്. ചെവിക്കുമേൽ കേൾവി തടയുന്ന മറയിട്ടു എന്നാണുദ്ദേശ്യം. ഉറക്കി എന്ന അർഥത്തിലുള്ള പ്രയോഗവുമാണിത്. കുട്ടികളെ താരാട്ട് പാടി ഉറക്കുന്നതാണത്രെ ഈ പ്രയോഗത്തിനാധാരം. പാട്ടു കേട്ട് അവർ ഉറങ്ങിപ്പോകുന്നു. ഉറങ്ങുന്നതോടെ കേൾവിയില്ലാതാവുകയും ചെയ്യുന്നു. അതുകൊണ്ട് താരാട്ടു നിർത്തിയാലും അത് അവർ അറിയില്ല. സുഖമായി ഉറങ്ങിക്കൊള്ളും. ഇതുപോലെ ഗുഹാവാസികളെ അല്ലാഹു സുഖസുഷുപ്തിയിലാഴ്ത്തി എന്നാണ് ധ്വനി. എഴുന്നേൽപിച്ചു, നിയോഗിച്ചയച്ചു എന്നാണ് بعث യുടെ ഭാഷാർഥം. ഉറക്കിൽ നിന്നുണർത്തിയെഴുന്നേൽപിച്ചു എന്നാണ് ഈ സന്ദർഭത്തിൽ ആശയം. لنعلم യിലെ ل അനന്തരഫലത്തെ സൂചിപ്പിക്കുന്നതാണ്; കാരണ സൂചകമല്ല. അതായത് അല്ലാഹു അവരെ ഉണർത്തിയതിന്റെ ഫലം അവരിലാരാണ് ഗുഹാവാസ കാലം കൃത്യമായി കണക്കാക്കുന്നതെന്ന് അറിയുകയാകുന്നു. കാര്യമറിയാൻ അല്ലാഹുവിന്ന് ഇത്തരം നടപടിയുടെയൊന്നും ആവശ്യമില്ല. ഗുഹയിലഭയം തേടിയവരുടെ പ്രാർഥനക്ക് ഉത്തരം ചെയ്യുകയായിരുന്നു അല്ലാഹു. അവരെ ഉറക്കുകയും ഉണർത്തുകയും ചെയ്തതിലൂടെ അതിന്റെ ഫലം അവരിലാരാണ് തങ്ങളുടെ ഗുഹാവാസം കൃത്യമായി കണക്കാക്കുന്നതെന്ന് പരീക്ഷിക്കപ്പെടുകയായിരുന്നു. ആർക്കും അത് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അവൻ കണ്ടറിഞ്ഞു. ഗുഹാവാസികൾക്കാവട്ടെ അതുവഴി മരണത്തിനും ഉയിർത്തെഴുന്നേൽപിനുമിടക്കുള്ള അവസ്ഥയുടെ യാഥാർഥ്യം മനസ്സിലാക്കാനും കഴിഞ്ഞു. അവരിൽ നിന്ന് കാലം നീക്കം ചെയ്യപ്പെടുന്നു. ഉയിർത്തെഴുന്നേൽക്കുന്ന ഓരോ മനുഷ്യനും തോന്നുക, താനിതാ അൽപനേരം മുമ്പ് ഉറങ്ങി ഇപ്പോൾ എഴുന്നേറ്റിരിക്കുന്നുവെന്നാണ്. അടുത്ത 19-ാം സൂക്തത്തിലും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

**13,14.** ഇവിടം മുതൽ അസ്ഹാബുൽ കഹ്ഫിന്റെ കഥാകഥനം തുടങ്ങുകയാണ്. نَقُصُّ വിന്റെ മൂലമായ قص യുടെ അർഥം നേരത്തെ 3:62-ാം സൂക്തത്തിനു താഴെ വിവരിച്ചിട്ടുണ്ട്. വർത്തമാനം, പ്രവചനം, മഹാസംഭവം എന്നീ അർഥങ്ങളുള്ള نبأ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഒടുവിലത്തെ അർഥത്തിലാണ്. അസ്ഹാബുൽ കഹ്ഫിനെക്കുറിച്ച് അസത്യവും അർധസത്യവുമായ പലതരം കഥകൾ ജനങ്ങളിൽ പ്രചരിച്ചിട്ടുണ്ട്. വെറുമൊരത്ഭുത കഥയായിട്ടാണ് ആളുകൾ അതു പറഞ്ഞുവരുന്നത്. അതിന്റെ യാഥാർഥ്യത്തെക്കുറിച്ച് ആലോചിക്കുന്നില്ല. എന്നാൽ അല്ലാഹു ഈ കഥ പറയുന്നത് അതിന്റെ യഥാർഥ രൂപത്തിലും അതുൾക്കൊള്ളുന്ന സാരത്തിൽ ഊന്നിക്കൊണ്ടുമാണ്. അക്കാര്യമാണ് മൂലത്തിലെ بِـٱلۡحَقِّ എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്.

കഹ്ഫ് കഥയിലെ കഥാപാത്രങ്ങൾ വയോധികരായ സന്യാസികളോ ഋഷിമാരോ ആയിരുന്നില്ല. ഇപ്പോൾ മുഹമ്മദ് നബിയെ അനുഗമിച്ചിട്ടുള്ളവരെപ്പോലെ യുവാക്കളായിരുന്നു. ആദർശങ്ങളുൾക്കൊള്ളുന്നതിലും അതിലുറച്ചു നിൽക്കുന്നതിലും മുതിർന്നവരെക്കാൾ മുമ്പന്തിയിൽ യുവാക്കളായിരിക്കുമെന്ന സൂചന 'ഏതാനും യുവാക്കൾ' എന്ന വാക്കിലുള്ളതായി ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. പൂർവിക വ്യഖ്യാതാക്കളിൽ പ്രഗത്ഭനായ ഇബ്നു കഥീർ പ്രസ്താവിച്ചു: 'അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും വിളി കേട്ടവരിലധികവും യുവജനങ്ങളായിരുന്നു. പ്രായം ചെന്ന ഖുറൈശികളേറെയും പാരമ്പര്യ മതത്തിൽ തന്നെ നിൽക്കുകയായിരുന്നു. ആ കൂട്ടത്തിൽ തുഛം പേരേ സത്യവിശ്വാസികളായുള്ളൂ. ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ത്വബ്റാനി

ഉദ്ധരിക്കുന്നു: പ്രവാചകന്മാരെയെല്ലാം അവർ യുവാവായിരിക്കുമ്പോൾ മാത്രമാണ് അല്ലാഹു നിയോഗിച്ചത്. തങ്ങളുടെ ഉടഞ്ഞു കിടക്കുന്ന വിഗ്രഹങ്ങളുടെ ഹന്താവിനെ അന്വേഷിക്കുന്ന ജനങ്ങൾ വിളിച്ചു പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നു سَمِعْنَا فَتًى يَذْكُرُهُمْ يُقَالُ لَهُۥٓ إِبْرَٰهِيمُ - ഇബ്റാഹീം എന്നുപേരായ ഒരു ചെറുപ്പക്കാരൻ ഇവയെ വിമർശിക്കുന്നത് ഞങ്ങൾ കേട്ടിരിക്കുന്നു" (21:60). മൂസാ നബിയുടെ സാഹസികമായ ജ്ഞാന യാത്രയിൽ സഹായിയായി കൂടെ കൂട്ടിയത് ഒരു യുവാവിനെയാണെന്നു ഈ സൂറഃയിലെ 60-ാം സൂക്തം പറയുന്നു. وَإِذْ قَالَ مُوسَىٰ لِفَتَىٰهُ-മൂസാ തന്റെ ചെറുപ്പക്കാരനോടു പറഞ്ഞതോർക്കുക." മൂസാ നബിയുടെ അനുയായികളെക്കുറിച്ച് 10:83 ൽ പറയുന്നു: فَمَآ ءَامَنَ لِمُوسَىٰٓ إِلَّا ذُرِّيَّةٌ مِّن قَوْمِهِۦ -മൂസായെ അദ്ദേഹത്തിന്റെ ജനത്തിലെ കുറച്ചു ചെറുപ്പക്കാരല്ലാതാരും വിശ്വസിച്ചില്ല.

നാട്ടുകാരും ഭരണകൂടവുമെല്ലാം ബഹുദൈവങ്ങളിൽ വിശ്വസിക്കുകയും വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്തു കൊണ്ടിരുന്നപ്പോൾ ഏക ദൈവത്തിൽ വിശ്വസിക്കുകയും അവനെ മാത്രം ആരാധിക്കുകയും ചെയ്യുന്നവരായിരുന്നു എന്നതാണ് ഗുഹാവാസികളുടെ പ്രത്യേകത. സത്യദൈവത്തിൽ വിശ്വസിച്ച് അവനെ മാത്രം ആരാധിക്കുന്നവർക്ക് സത്യത്തിന്റെയും സന്മാർഗത്തിന്റെയും വെളിച്ചം കൂടുതൽ കൂടുതൽ ചൊരിഞ്ഞു കൊടുക്കുക അല്ലാഹുവിന്റെ ചര്യ-സുന്നത്താണ്. അതിനാൽ അവരുടെ വിശ്വാസവും സന്മാർഗജ്ഞാനവും നാൾക്കുനാൾ വളരുകയും ശക്തിപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അല്ലാഹു അവരുടെ മനസ്സുകളിൽ സത്യത്തോടും സന്മാർഗത്തോടുമുള്ള പ്രതിബദ്ധത രൂഢമാക്കി. رَبَطْنَا عَلَىٰ قُلُوبِهِمْ എന്നാണ് മൂലവാക്ക്. മുറുക്കിക്കെട്ടി, ശക്തിയായി കൂട്ടിച്ചേർത്തു എന്നാണ് ربط യുടെ ഭാഷാർഥം. ഇതിൽ നിന്നുള്ള رابطة ന് സംഘം, സംഘടന എന്നും അർഥമാകുന്നു. ربط القلب മനശ്ശക്തിയും ആത്മനിയന്ത്രണവുമാണ് ربط الله على قلبه എന്നാൽ അല്ലാഹു അയാളുടെ മനസ്സിന് ശക്തിയും നിശ്ചയദാർഢ്യവും നൽകട്ടെ. കെട്ടാനുപയോഗിക്കുന്ന കയറും ചരടും رباط ആണ്. നാം അവരുടെ മനസ്സുകളെ സ്ഥൈര്യവും ധൈര്യവുമുള്ളതാക്കി ദൃഢീകരിച്ചു എന്നാണ് إِذْ قَامُوا۟ فَقَالُوا۟ رَبَطْنَا عَلَىٰ قُلُوبِهِمْ എന്ന വാക്കിന്റെ സാരം. -അവർ എഴുന്നേറ്റു പ്രഖ്യാപിച്ചപ്പോൾ എന്നതുകൊണ്ടുദ്ദേശ്യം ഇരിക്കുകയായിരുന്ന അവർ ഇതുപറയാൻ എഴുന്നേറ്റുനിന്നു എന്നല്ല. പ്രത്യുത അവർ ആദർശധീരതയാൽ ഉത്തിഷ്ഠരായി അഥവാ ഉത്തേജിതരായി പ്രഖ്യാപിച്ചു എന്നാണ്. قام ക്ക് നിന്നു എന്നതോടൊപ്പം ദൗത്യം ഏറ്റെടുത്തുവെന്നും അർഥമുണ്ട്. ആ ചെറുപ്പക്കാരുടെ സാഹചര്യവുമായി സമന്വയിച്ചു നോക്കിയാൽ അതീവ ധീരസാഹസികമായ പ്രഖ്യാപനം തന്നെയാണവർ നടത്തിയത്. ഭരണവർഗവും സമുദായവും ഏറ്റം ആദരണീയമായി ആചരിച്ചുവരുന്ന മൂല്യങ്ങൾ തങ്ങൾ നിസ്സങ്കോചം തള്ളിക്കളഞ്ഞിരിക്കുന്നുവെന്നും പകരം അതിനു വിപരീതമായ മറ്റൊരു മൂല്യവ്യവസ്ഥ പിന്തുടരുകയാണെന്നും അസന്ദിഗ്ധമായി പ്രസ്താവിച്ചിരിക്കുകയാണവർ.

മൂലത്തിലെ شَطَطًا ന്റെ അസൽ شَطّ ആണ്. شَطّ എന്നാൽ അകന്നു ദൂരത്തായി. شطّ النهرُ നദിയിലെ വെള്ളത്തിൽനിന്നകന്ന കരഭാഗമാണ്. സത്യത്തിനും സാധുതക്കും തികച്ചും വിരുദ്ധമാവുക എന്നത് شطط ന്റെ പ്രയോഗാർഥമാണ്. لَّقَدْ قُلْنَآ إِذًا ന്റെ നേർക്കുനേരെയുള്ള അർഥം തീർച്ചയായും ഞങ്ങളങ്ങനെ പറഞ്ഞാൽ എന്നാണ്. ഈ അർഥത്തിൽ തന്നെ എടുക്കുമ്പോൾ شطط നു മുമ്പിൽ قولا (വചനം) എന്ന് അനുക്തമായിട്ടുണ്ട്. തൊട്ടുമുമ്പിലുള്ള لَن نَّدْعُوَا۟ مِن دُونِهِۦٓ യോട് ബന്ധിപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യുകയാണെങ്കിൽ എന്ന് അർഥം കൽപിച്ചാൽ شَطَطًا ക്കു മുന്നിൽ شططا എന്നാണനുക്തമായിട്ടുള്ളത്. രണ്ടർഥവും സാധുവാകുന്നു.

**15.** 'നമ്മുടെ ഈ ജനം' അസ്ഹാബുൽ കഹ്ഫിന്റെ നാട്ടുകാരാണ്. هَٰٓؤُلَآءِ ഭാഷാർഥത്തിൽ 'ഇക്കൂട്ടർ ആണ്.' നമ്മുടെ ജനം-قَوْمُنَا എന്നതിനു മുമ്പിൽ هَٰٓؤُلَآءِ വരുമ്പോൾ അറബി ഭാഷാ രീതിയനുസരിച്ച് അതിൽ 'ജന'ത്തിന് ഒരു ഇകഴ്ത്തലുണ്ട്. അന്തസ്സും ഉദ്ബുദ്ധതയുമില്ലാത്തവർ എന്നാണതിന്റെ സൂചന. സമുദായത്തിന്റെ അധഃസ്ഥിതിയെ സൂചിപ്പിച്ചുകൊണ്ട് നമ്മുടെ ഖൗം-قَوْمُنَا-എന്ന് മുസ്ലിംകൾ പറയാറുണ്ടല്ലോ. ഈ അർഥത്തിനുവേണ്ടിയാണ് അറബിയിൽ قَوْمُنَا ക്കു മുമ്പിൽ هَٰٓؤُلَآءِ ചേർക്കുന്നത്. അവരുടെ അന്തസ്സില്ലായ്മയുടെ കാരണമാണ് ٱتَّخَذُوا۟ مِن دُونِهِۦٓ ءَالِهَةً എന്ന വാക്യം. അവർ പ്രപഞ്ചനാഥനായ സാക്ഷാൽ ദൈവത്തെ വെടിഞ്ഞ് കൽപ്രതിമകളെ ദൈവങ്ങളായി ആരാധിക്കുകയാണ്. അവയുടെ ദിവ്യത്വം സ്ഥാപിക്കുന്ന യാതൊരു തെളിവും അവരുടെ കൈവശമില്ല. അഥവാ വൈദികമോ ബൗദ്ധികമോ ആയ വല്ല തെളിവുമുണ്ടെങ്കിൽ അതു വെളിപ്പെടുത്തി നമ്മെ ബോധ്യപ്പെടുത്താത്തതെന്തുകൊണ്ട്? لَّوْلَا يَأْتُونَ عَلَيْهِم بِسُلْطَٰنٍۭ بَيِّنٍ എന്ന വാക്യം ആ സമുദായത്തോടുള്ള വെല്ലുവിളിയാണ്. വിഗ്രഹാരാധനക്ക് യുക്തിസഹമായ ഒരു തെളിവും ആർക്കും ഹാജരാക്കാൻ കഴിയില്ലെന്ന് ആ യുവാക്കൾക്ക് ഉറച്ച ബോധ്യമുണ്ടായിരുന്നു. എല്ലാവരും അനുസരിക്കാൻ ബാധ്യസ്ഥമായ വേദപ്രമാണങ്ങളെയും ബൗദ്ധിക ന്യായങ്ങളെയും ഉന്നത സ്ഥാനങ്ങളിൽ നിന്നുള്ള ശാസനകളെയും ഉൾക്കൊള്ളുന്നതാണ് سلطان എന്ന പദം. ഇതൊന്നുമില്ലാതെ അല്ലാഹുവിന് ദിവ്യത്വത്തിൽ പങ്കാളികളുണ്ട്, അല്ലെങ്കിൽ പുത്രന്മാരും പുത്രിമാരും കളത്രങ്ങളുമുണ്ട്, അവരെ പൂജിച്ചു പ്രസാദിപ്പിച്ചാൽ മോക്ഷം കിട്ടും, അവരെ വിശ്വസിക്കാനും ആരാധിക്കാനും പരമേശ്വരൻ കൽപിച്ചിരിക്കുന്നു എന്നൊക്കെ വാദിക്കുന്നത് അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിപ്പറയലാകുന്നു. അല്ലാഹുവിന്റെ പേരിൽ കള്ളങ്ങൾ ചമക്കുന്നവരെക്കാൾ വലിയ അക്രമികളും ദൈവധിക്കാരികളും മറ്റാരുമില്ല. ■